## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3154 — 11.12.2014 ൽ മറുപടിയ്ക്ക്

### ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ നടന്ന ക്രമക്കേടിന്റെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ നടന്ന ക്രമക്കേട് എന്തെല്ലാം; ആരെല്ലാമാണ് ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർ ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനെ സംബന്ധിച്ച ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; | (എ) ആലപ്പുഴ ജില്ലയിലെ ചേർത്തല ഡിപ്പോയിൽ നോൺ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. വി.റ്റി.ശ്യാം രാജ് ഡിപ്പോയിലെ കമ്പ്യൂട്ടർ ഡിസ്കും, അനുബന്ധ ഭാഗങ്ങളും നശിപ്പിക്കുകയും 31.03.2014 ലെ വാർഷിക കണക്കെടുപ്പ് അട്ടിമറിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി എടുത്തു വരുന്നു. കൂടാതെ ടി ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ.ബിനുരാജ് ജെ.എ യ്ക്കും, അസിസ്റ്റന്റ് മാനേജർമാരായിരുന്ന ശ്രീ. സൂരജ് പി.റ്റി, ശ്രീ. ജോസഫ് പി.പി, ശ്രീ. ശെൽവകുമാർ. ആർ, അസിസ്റ്റന്റ് മാനേജരുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. സത്യൻ എം.വി എന്നിവർക്കെതിരെയും അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് കേസെടുത്തിട്ടുള്ളതുമാണ്.<br>ആലപ്പുഴ ജില്ലാ ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. പി.പത്മകുമാർ SA I നെ, ചാർജ് കൈമാറ്റ സമയത്ത് സ്റ്റോക്കിൽ കുറവ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നു വരികയാണ്. |
| (ബി) ആലപ്പുഴ ജില്ലയിലെ നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആവശ്യമായ സാധനങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) നന്മ സ്റ്റോറുകൾ ഭക്ഷ്യ വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനമല്ല. സഹകരണ വകുപ്പിനു കീഴിൽ വരുന്ന ഈ സ്ഥാപനങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളാൽ സാധനങ്ങൾ ലഭിക്കുന്നതിനു ണ്ടാവുന്ന തടസ്സം കാരണം യഥാസമയം അവശ്യ സാധനങ്ങൾ എത്തിക്കാൻ കഴിയുന്നില്ലായെന്ന് കൺസ്യൂമർ ഫെഡ്, മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ